മനോരമ ട്രാവലർ
July, 2020 | ₹50
MANORAMA TRAVELLER | The True Travel Companion



PHOTO : RINKURAJ MATTANCHERI

# തലസ്ഥാനത്തിന് ശുദ്ധവായുവേകാൻ മിയാവാക്കി വനവുമായി കേരള ടൂറിസം

തലസ്ഥാനത്തിന് ശുദ്ധവായു നൽകാനും നയനാനന്ദകരമായ കാഴ്ചാനുഭവങ്ങളും ലക്ഷ്യമിട്ട് കേരളാടൂറിസം ഒരുക്കി വരുന്ന ഹരിത ഹൃദയം എന്ന വനവൽകരണ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. കനകക്കുന്ന് കൊട്ടാരപരിസരത്ത് അഞ്ചേക്കറിൽ ആയാണ് വനം തയാറാക്കിയിരിക്കുന്നത്. ലോക പ്രശസ്തമായ ആകിര മിയാവാക്കി വനവൽക്കരണരീതിയാണ് തലസ്ഥാന നഗരിയിൽ നടപ്പാക്കുന്നത്. 400 വിവിധതരത്തിലുള്ള വൃക്ഷങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം ജനുവരിയിൽ തുടക്കമിട്ട വനവൽകരണ പദ്ധതിയ്ക്ക് ഇതിനോടകം കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്..ഹരിതവൽക്കരണ പ്രക്രിയകൾക്ക് കേരളാടൂറിസം ഏർപ്പെടുത്തി വരുന്ന നടപടികളിൽ ഏറെ ശ്രദ്ധ നേടുന്ന ഒന്നാകും ഹരിത ഹൃദയം.